# അമൃതേത്തിന് ഇത്തിരി സ്വാതന്ത്ര്യം

രൺജു

സ്വാതന്ത്ര്യദിനപ്പുലരിയിൽ സെക്രട്ടറിയേറ്റിനു മുന്നിലൂടെ, ത്രിവർണ്ണ പതാക ഉയർത്തിയതിന്റെ ആലസ്യത്തിൽ മിഠായിയും നുണഞ്ഞ് നടക്കുമ്പോഴാണ് കുഞ്ഞാലിയെ വീണ്ടും കണ്ടുമുട്ടിയത്.

കുഞ്ഞാലിയെ ഓർമ്മ കാണില്ല അല്ലേ. പഴയ 'ജിം കുഞ്ഞാലി' തന്നെ ആളിപ്പോ പണ്ടത്തെപ്പോലെയൊന്നുമല്ല. തട്ടിപ്പും വെട്ടിപ്പും കൂട്ടികൊടുപ്പുമൊക്കെ വിട്ട് പരമ ഖദർധാരിയായിരിക്കുന്നു. അസ്സൽ ഗാന്ധിയൻ! രാവിലെ എഴുന്നേറ്റാൽ നേരെ മുറ്റത്തിറങ്ങി ആട്ടിൻപാൽ കറന്ന് പച്ചയ്ക്ക് കുടിക്കും. എന്നിട്ടേ മലമൂത്ര വിസർജ്ജനം പോലും നടത്തൂ. പിന്നെ അഹിംസ. എസ്. എഫ്.ഐ. പിള്ളേരെപ്പോലെയൊന്നുമല്ല. നാക്കിനും വാക്കിനും നെറിയുള്ള അടാർ അഹിംസയാണ് കുഞ്ഞാലിയുടേത്.

പണ്ട് കിഴക്കേ കോട്ടയിലും തമ്പാനൂരും കഞ്ചാവ് വിറ്റും കൂട്ടികൊടുത്തും നടന്നതോ എന്നു ചോദിച്ചാൽ കുഞ്ഞാലി, മന്ത്രി പി. ശങ്കരൻ കോള കുടിച്ച മാതിരി വെളുക്കെ ച്ചിരിക്കും.

"ന്റെ സ്പീക്കറ് മുത്തപ്പാ, നീ തന്നെ നി ആശ്രയം. നീയാകുന്നു അവസാന വാക്ക്. നീയാകുന്നു ചരിത്രം. നീ നിശ്ചയിക്കുന്നതാകുന്നു സ്വാതന്ത്ര്യം. നീ തീരുമാനിക്കുന്നവർ സ്വാതന്ത്ര്യ സമരഭടന്മാർ, പരദേശിപട്ടന്മാർ ക്രിമിനലുകൾ, കോളയും സി.പി. യും സിന്ദാബാദ്. ജയ് സ്പീക്കർ ജീ....."

കുഞ്ഞാലിയുടെ 'മാർക്ക് ആന്റണി പ്രകടനം കണ്ട് സാക്ഷാൽ ആന്റണി പോലും ക്ലിഫ് ഹൗസിന്റെ പടിക്കു പുറത്തിറങ്ങി നിന്നു.

ഇനിയാകുന്നു സ്വാതന്ത്ര്യം. അധികാരം നേടുന്നതിന്റെയും നഷ്ടപ്പെടുന്നതിന്റെയും സ്വാതന്ത്ര്യം.

മലയാളിയുടെ മണ്ടത്തലയ്ക്കു മുന്നിൽ കെട്ടിത്തൂക്കിയിട്ട 140 പഴത്തൊലികൾ. വിശന്നവയറുകൾക്ക് ഇത് മുഴുത്തു പഴുത്ത പഴമാണ്. നാക്ക് നീട്ടിയാൽ തൊടാം. ഒന്നാഞ്ഞ് കുതിച്ചാൽ സ്വാദോടെ ഭക്ഷിക്കാം. 56-ാം വാർഷവും പഴത്തൊലികളുടെ മോഹിപ്പിക്കുന്ന കാഴ്ചയിൽ ബാലറ്റു പെട്ടികൾ നിറയുന്നു.

കുഞ്ഞാലി ഉച്ചത്തിൽ പാടി

"സ്വാതന്ത്ര്യം തന്നെയമൃതം,

സ്വാതന്ത്ര്യം തന്നെ ജീവിതം,

പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ......"

"കുഞ്ഞാലി നീയും മാന്യനായോ?"

എം.എൽ.എ. ഹോസ്റ്റലിലെ സഹവാസവും കഞ്ഞിയും എന്നെയും ഒരു മാന്യനാക്കി!"

"ഇനീപ്പോ, ഒരു എം.എൽ.എ. യോ മന്ത്രിയോ ഒക്കെ ആവേണ്ടേ?"

"ഹസ്സൻ, സൂപ്പി, കുഞ്ഞാലിക്കുട്ടി, ചെർക്കളം, പിള്ള, കടവൂർ, ശങ്കരൻ, ശങ്കരനാരായണൻ, സുധാകരൻ, ജേക്കബ്ബ്, മാണി ഇവരൊക്കെ മന്ത്രിമാരാ....."

ആയമ്മ പെറ്റോരെല്ലാം ഒരേ തൂവൽ പക്ഷികൾ!

"പക്ഷെ കുഞ്ഞാലിയുടെ നോട്ടം അങ്ങ് ഇന്ദ്രപ്രസ്ഥത്തിലാ...അതുകൊണ്ട് ന്യൂനപക്ഷങ്ങൾ അൽപ്പസൊൽപ്പം അടങ്ങിയൊതുങ്ങി കഴിയണം. വിദ്യ എന്ന അഭ്യാസം പഠിപ്പിച്ചെടുക്കാൻ തലവെട്ടി തലവരി വാങ്ങണം. കർത്താവിന്റെ പേരിൽ കോളേജും കള്ളു ഷാപ്പും തുടങ്ങണം. രാഷ്ട്രീയം, സമരം, ചോദ്യോത്തരം എന്നിവ നിരോധിക്കണം. നാട്ടിൽ പട്ടച്ചാരായം ഒഴുക്കുന്നതുപോലെ സ്വാശ്രയ വിദ്യയൊഴുക്കണം. വിദ്യാഭ്യാസത്തെ കുരിശിലേറ്റണം......."

"എന്താ കുഞ്ഞാലീ പറേണേ, ഇവിടെ സാധാരണക്കാർക്കും പഠിക്കേണ്ടേ?

"പോയി തൂങ്ങിച്ചാകാൻ പറ. അവറ്റകൾക്ക് വേണ്ടിയല്ലേ സായിപ്പിന്റെ പണം വാങ്ങിക്കെട്ടിയ അനാഥ മന്ദിരോം ധ്യാനകേന്ദ്രവുമൊക്കെ. അരമനയിലെ സ്വത്തുവിവരം ആരും ചോദിച്ചില്ലല്ലോ. പിന്നെന്തിനാ കെറുവിക്കുന്നേ......."

"എന്നാലും ന്യൂനപക്ഷങ്ങള്........"

"അതൊക്കെ പണ്ട്. ഇപ്പോ മലപ്പുറത്ത് ആരാ ഭൂരിപക്ഷം? കോട്ടയത്ത് ആരാ ന്യൂനപക്ഷം? നെറ്റിചുളിക്കണ്ട. അങ്ങ് കേന്ദ്രത്തിൽ ആർക്കാ ഭൂരിപക്ഷം?"

"കുഞ്ഞാലീ ഈ മതേതരത്വം എന്നൊക്കെ പറയണ സാധനം........"

"ഉലക്കേടെ മൂട്. 47 ൽ സാധനം ഇവിടെണ്ടാ, 57ൽ ണ്ടാ. നിന്റെ പിള്ളേര് പഠിക്കണ പുസ്തകത്തില് അത് ണ്ടാ.... നിന്റെ കിനാവില് അത് ണ്ടാ.....

കുഞ്ഞാലി വാചാലനായി

".....കുഞ്ഞാലി തട്ടിപ്പുകാരനാ. വയറ്റിപ്പിഴപ്പിന്റെ ഗാന്ധിക്കളിയാ എന്റെ എല്ലാം ജീവിക്കാൻ വേണ്ടിയാ. ഒരു ചാൺ വയറിനു വകയില്ലാതെ കള്ളവണ്ടി കയറി മലബാറീന്ന് തിരുവനന്തപുരത്ത് എത്തീതാ കുഞ്ഞാലി. കുഞ്ഞാലിക്കും സ്വപ്നങ്ങളുണ്ട്. പി.എ. മാരുടെ വാലായി നടക്കുമ്പോഴും നോട്ടം അങ്ങ് ക്ലിഫ് ഹൗസിലാ. ഇത്തിരി കഴിഞ്ഞാ അങ്ങ് കേന്ദ്രത്തിലും.

........ രായ്ക്കുരാമാനം പെട്ടിയും കിടക്കയും തൂക്കി, ബ്ലേഡു കൊണ്ടു വരഞ്ഞ തൂവെള്ള ഷർട്ട് കഞ്ഞി മുക്കിയണിഞ്ഞ് തിരുവനന്തപുരത്തെത്തുന്ന ഏതൊരുത്തനും സ്വപ്നങ്ങളുണ്ട്. ആന്റണിക്കും ലീഡർക്കും മാത്രംല്ല.......

........ പിന്നെ ഫോർഡ് ഫൗണ്ടേഷനിൽ നിന്നും വായ്പക്കെടുത്ത ബുദ്ധിജീവിക്കസർത്തുമായി നടക്കണ സഖാക്കന്മാരും ഇതൊക്കെ തന്നെയല്ലെ സാറേ ചെയ്യുന്നേ. ജനങ്ങളെക്കൊണ്ട് ആസൂത്രണം ചെയ്യിച്ച് സഖാക്കന്മാർ നാടിനു നൽകിയത് മാവൂരും പ്ലാച്ചിമടയുമൊക്കെയല്ലേ. പിന്നെയീ, കുഞ്ഞാലിക്കും ജയിലിൽ കിടക്കണ മണിച്ചനും മാത്രം എന്താ ഇത്ര അയിത്തം. ഇവരും ഞങ്ങളും തമ്മിൽ എന്താ വ്യത്യാസം? ഇതൊക്കയല്ലേ 56 വർഷത്തെ ജനാധിപത്യം. പിന്നെന്താ മുട്ടു ശാന്തിക്ക്, വേറെന്താ വഴി?"

കുഞ്ഞാലിയുടെ ആക്ഷൻ ഹീറോ പ്രകടനം ചുറ്റിലും ആളെക്കൂട്ടി. പാതിരാപക്ഷികളാകേണ്ട ലൈംഗിക തൊഴിലാളികളും കഴുത്തറപ്പൻ ഓട്ടോക്കാരനും ചായക്കാരൻ റസാക്കും വേറെ പണിയൊന്നുമില്ലാത്ത പത്രക്കാരും ഒക്കെ. നാലാള് കൂടിയാ മുട്ട് കൂട്ടിയിടിക്കുന്ന ഒരേയൊരു വർഗത്തെയാണല്ലോ സായിപ്പ് ഇവിടെ വിസർജ്ജിച്ചിട്ടു പോയത്-കാക്കി പോലീസുകാർ.

ചവിട്ടി നിർത്തിയ പോലീസ് ജീപ്പിൽ നിന്നും ആദ്യം പുറത്തേക്കു ചാടിയത് ഒരു ഗ്രൻ പച്ചത്തെറിയാണ്.

".......ടെ സോതന്ത്ര്യം ആഘോഷിക്കാണോടാ?"

പിന്നെ മുൻ ഡി.ജി.പി. അങ്ങൂന്ന് പഠിപ്പിച്ചു വിട്ട പത്തു കൽപന പ്രകാരമുള്ള ഐറ്റങ്ങൾ ഓരോന്നായി കുമ്പ കുലുക്കി പുറത്തേക്ക്. നിങ്ങളുടെ സ്വാതന്ത്ര്യവും പൗരാവകാശവുമെല്ലാം കാക്കിയ്ക്കു മുന്നിൽ അവസാനിക്കുന്നു. എന്നും അമൃതേത്തിനു മുമ്പ് കഴുത്തിനു മുകളിൽ തലയുണ്ടോ എന്നു തപ്പി നോക്കുക. നിങ്ങൾ നേടിയെടുത്ത 'സ്വാതന്ത്ര്യം' ഒരു പക്ഷെ നിങ്ങളുടെ തല കൊയ്തിട്ടുണ്ടാകാം. ഈയൊരു തിരിച്ചറിവുള്ള ജനം കാക്കി കണ്ടാൽ കാർക്കിച്ചു തുപ്പും. പാലായനം ചെയ്യും.

ബാക്കിയായത് ഞാനും കുഞ്ഞാലിയും. ഖദർ കുട്ടനായ കുഞ്ഞാലിയെ കണ്ടതും പോലീസിന്റെ ബാധ മാറി. ആൾ മാന്യനായി. സാക്ഷാൽ ഹോ തരകനായി. സ്വാതന്ത്ര്യം തന്നെ അമൃതം

കുഞ്ഞാലി വാക്യം

'ഖദറു കണ്ട പോലീസുകാരനെപ്പോലെ' എന്ന പ്രയോഗം മലയാള ഭാഷയിൽ പൊട്ടിമുളച്ചത് ഈ സംഭവത്തിനു ശേഷമാണ്.

●